**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **24-02-2022 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ വനംവകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ വനംവകുപ്പിന്റെ കൈവശമുള്ള പ്രദേശങ്ങളുടെ വിസ്തൃതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ ; | (എ) | പരാമർശിത പ്രദേശങ്ങളുടെ വിസ്തൃതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവിശല്യം ഉള്ളതുമായ സ്ഥലങ്ങൾ വനംവകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി നിലവിൽ ഉണ്ടോ ; എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണാർക്കാട് മണ്ഡലത്തിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ബി) | ഉണ്ട്. 23.01.2020 ലെ ജി.ഒ (എം.എസ്). 02/2020/ വനം വന്യജീവി നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി Phase II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിനു പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി മൂന്ന് വനം ഡിവിഷനുകളിൽ മണ്ണാർക്കാട് ഡിവിഷനിലെ മേലേക്കാലം സെറ്റിൽമെന്റും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മണ്ണാർക്കാട് ഡിവിഷനിലെ മേലേക്കാലം സെറ്റിൽമെന്റിലെ 63 അർഹതപ്പെട്ട കുടുംബങ്ങൾ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം തങ്ങളുടെ ഭൂമി വനം വകുപ്പിന് വിട്ടുകൊടുക്കാൻ തയ്യാറല്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സെറ്റിൽമെന്റിനെ കിഫ്ബി Phase II സ്വയം സന്നദ്ധ പുരനധിവാസ പദ്ധതിയിൽ നിന്നും 02.08.2021 ലെ ജി.ഒ(എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവ് പ്രകാരം ഒഴിവാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | പഞ്ചായത്ത് | വിസ്തൃതി |
|---|---|---|
| 1. | ഷോളയൂർ | 13202.73 ഹെക്ടർ |
| 2. | കുമരംപുത്തൂർ | 323.00 ഹെക്ടർ |
| 3. | കോട്ടോപ്പാടം | 622.68 ഹെക്ടർ |
| 4. | തെങ്കര | 1600.00 ഹെക്ടർ |
| 5. | പുതൂർ | 16639.54 ഹെക്ടർ |
| 6. | അഗളി | 4271.10 ഹെക്ടർ |
| ആകെ | | 36659.05 ഹെക്ടർ |